ആർ. ടി. ഓഫീസുകളിലെ അഴിമതി

*13 [103] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് ഉടമകളും ആർ. ടി. ഓഫീസുകളിലെ ജീവനക്കാരും ചേർന്ന് വൻ നികുതി വെട്ടിപ്പ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ആർ. ടി. ഓഫീസുകളിലെ അഴിമതി ഫലപ്രദമായി തടയുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ, ബി, സി) 18-5-2004-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ആറ്റിങ്ങൽ ആർ. ടി. ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ സ്വകാര്യ ബസ് ഉടമകളും ആർ. ടി. ഓഫീസിലെ ചില ജീവനക്കാരും ചേർന്ന് സർക്കാരിന് ലഭിക്കേണ്ട നികുതിയിൽ വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മിന്നൽ പരിശോധനയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. ആയതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

ഫാക്ട് പുനരുദ്ധാരണ പാക്കേജ്

*14 [104] ശ്രീ. എ. കെ. ബാലൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, എ. സി. മൊയ്തീൻ:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങൾ സമർപ്പിച്ച നിവേദനത്തെ തുടർന്ന് ഫാക്ട് പുനരുദ്ധാരണത്തിന് രാസവള വകുപ്പ് തയ്യാറാക്കിയ പാക്കേജിനെ കുറിച്ച് കേന്ദ്ര ഗവൺമെന്റ് പ്രതിനിധികൾ സംസ്ഥാന ഗവൺമെന്റുമായി ചർച്ച നടത്തുകയുണ്ടായോ;

(ബി) പാക്കേജിന്റെ ഭാഗമായി സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കേന്ദ്ര നിർദ്ദേശങ്ങളിൽ എന്തെല്ലാം സംഗതികളിൽ കേന്ദ്രമന്ത്രിയുമായുള്ള ചർച്ചയിൽ ധാരണയിലെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly